വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പി.ഡബ്ല്യു.ഡി. റോഡുകളുടെ പാർശ്വഭാഗം അതായത് ഷോൾഡേഴ്സ് നന്നാക്കുന്ന കാര്യമാണ്. അതിനോട് ചേർന്നുതന്നെ ഇപ്പോൾ ടെലികോം അഞ്ച് അടി ആഴത്തിൽ കുഴിച്ച് കേബിൾ ഇടുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അതേസമയം ടെലിഫോൺ കിട്ടണമെന്ന് ആഗ്രഹമുള്ളവരുടെ ആവശ്യവും അവഗണിക്കാൻ കഴിയുകയില്ല. ഇന്ന് റോഡുകളുടെ സംരക്ഷണം പ്രശ്നമായിരിക്കുകയാണ്. ടാറിനോട് ചേർന്ന് കുഴിക്കുന്നതുകൊണ്ട് ടാറിന്റെ ഒരു ഭാഗംകൂടി ഇപ്പോൾ ഇടിഞ്ഞുപോകുകയാണ്. ഷോൾഡേഴ്സ് നന്നാക്കുന്നതിന് ഇത് വലിയ പ്രായോഗികമായ തടസ്സമാണ്. പൊട്ടിപ്പൊളിഞ്ഞ ഭാഗങ്ങൾ നന്നാക്കാനായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൊടുവള്ളി നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(8) ആരോപണ വിധേയനായ ഹാന്റ്ക്സ് എം.ഡി.യുടെ പുനർനിയമനം

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, സൂപ്പർ ആനുവേഷൻ മൂലം ഇന്ന് സർവ്വീസിൽനിന്നും വിരമിക്കേണ്ട, വിജിലൻസ് അന്വേഷണത്തിന് വിധേയനായിരിക്കുന്ന ഹാന്റ്ക്സ് എം.ഡി. ശ്രീ. മോഹൻകുമാറിന് പുനർനിയമനം കൊടുക്കുവാൻ പോകുന്നുവെന്നുള്ള വാർത്തയാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഹാന്റ്ക്സിന്റെ നിയമാവലിയിൽ 14(6)-ാം വകുപ്പിൽ പറയുന്നു, ഒരു മുഴുവൻ സമയം സർക്കാർ ഉദ്യോഗസ്ഥനെ മാത്രമേ മാനേജിംഗ് ഡയറക്ടറായിട്ട് നിയമിക്കാൻ പാടുള്ളൂ എന്ന് അവിടത്തെ ഹാന്റ്ക്സ് വർക്കേഴ്സ് അസോസിയേഷന്റെ (സി.ഐ.ടി.യു) മേയ് മാസത്തിൽ പാലക്കാട് വച്ചു നടന്ന സമ്മേളനം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു എം.ഡി.യുടെ കാലാവധി നീട്ടികൊടുക്കരുതെന്ന്. അതിനുശേഷം ഈ ജൂൺ മാസം 25-ാം തീയതി വിജിലൻസ് കോടതി ഒരു ഉത്തരവ് ഇട്ടിരിക്കുന്നു; അതായത് മാനേജിംഗ് ഡയറക്ടർ മോഹൻകുമാറിനും അതിന്റെ പ്രസിഡന്റ് കെ.പി. സുധാകരനും മുൻ ഡയറക്ടർ വി. ജോർജ് ജോസഫിനും മറ്റ് ബോർഡ് അംഗങ്ങൾക്കും എതിരെ വിജിലൻസ് അന്വേഷണം നടത്താൻ. അതനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരിക്കുന്നു. ഒരു സ്വകാര്യ അന്യായത്തിൻമേൽ ആണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആ സ്വകാര്യ അന്യായത്തിൽ ആരോപിച്ചിരിക്കുന്ന ആരോപണങ്ങൾ: അഴിമതി, സ്വജനപക്ഷപാതം, പിൻവാതിൽ നിയമനം, ഗുരുതരമായ സാമ്പത്തിക ക്രമക്കേട്, അന്യസംസ്ഥാനത്ത് ഉല്പാദിപ്പിച്ച തുണി വാങ്ങി സംസ്ഥാനത്തുനിന്ന് ഉള്ളതാണെന്നുവരുത്തി റിബേറ്റ് കൊടുത്തത്, സർക്കുലർ ഇറക്കിക്കൊണ്ട് വൻതോതിൽ റിബേറ്റ് വെട്ടിപ്പ്, കോടിക്കണക്കിന് രൂപയുടെ പ്രോജക്ട് പാക്കേജ് സ്കീം വകമാറി ചെലവാക്കൽ, ഇല്ലാത്ത തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തൽ, എം.ഡി.യുടെ ഭാര്യയുടെ പേരിലുള്ള ഫോൺബിൽ ഹാന്റ്ക്സിനെ കൊണ്ട് അടപ്പിക്കൽ, ഇതിൽ പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്നുള്ളതുകൊണ്ടാണ് അന്വേഷണത്തിന് വിധേയമായത്. അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത്, പരേതനായ പി. രവീന്ദ്രൻ അവിടത്തെ ചെയർമാനായിരുന്നപ്പോൾ സത്യസന്ധമായി പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥന്മാരെ സസ്പെൻഷൻ, അച്ചടക്ക നടപടി ഇതൊക്കെക്കൊണ്ട് പീഡിപ്പിക്കുകയാണ്. ആ പീഡനം വീണ്ടും തുടരുന്നതിനുവേണ്ടിയാണോ അദ്ദേഹത്തിന് പുനർനിയമനം കൊടുക്കാൻ തീരുമാനിക്കുന്നത്? അതുകൊണ്ട് ദയവായി ഈ തീരുമാനം മാറ്റണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 30-6-1999-ന് സർവ്വീസിൽനിന്നും റിട്ടയർ ചെയ്യേണ്ട ഹാന്റ്ക്സ് എം.ഡി. ശ്രീ. മോഹൻകുമാറിന് 1-7-1999 മുതൽ 3 മാസത്തേക്ക് പുനർനിയമനം നടത്താനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ. മോഹൻകുമാറിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി വ്യവസായ വകുപ്പിനോ ഹാന്റ്ക്സിനോ യാതൊരറിവും ലഭിച്ചിട്ടില്ല. എന്നാൽ സി.ഐ. പ്രദീപ് എന്നൊരാൾ ഒരു പരാതി ഹാന്റ്ക്സ് എം.ഡി. മോഹൻകുമാർ, മുൻ ഹാന്റ്ലൂം ഡയറക്ടർ ജോർജ് ജോസഫ്, ഹാന്റ്ക്സ് ഡയറക്ടർ, മറ്റ് ബോർഡ് മെമ്പേഴ്സ് എന്നിവർ അഴിമതി കാണിച്ചുവെന്ന് ആരോപിച്ചു കൊണ്ട് ഒരു പരാതി എൻക്വയറി കമ്മിഷൻ ആന്റ് സ്പെഷ്യൽ ജഡ്ജിക്ക് സമർപ്പിച്ചിരുന്നുവെന്നും അത് ഒരു എഫ്.ഐ.ആർ. ആയി കണക്കാക്കി എൻക്വയറി കമ്മിഷൻ ഇൻവെസ്റ്റിഗേഷന് ഉത്തരവാക്കിയിട്ടുണ്ടെന്നും വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ആരോപണ വിധേയനായ ഒരു ഉദ്യോഗസ്ഥനെ അന്വേഷണത്തിന്റെ ആരംഭത്തിൽ സസ്പെന്റ് ചെയ്യുകയോ സർവ്വീസിൽനിന്നും നീക്കി നിറുത്തുകയോ ചെയ്യാറില്ല. പ്രാഥമിക അന്വേഷണത്തിൽ പ്രസ്തുത ഉദ്യോഗസ്ഥൻ എന്തെങ്കിലും അഴിമതിയോ, സ്വഭാവ ദൂഷ്യമോ കാണിച്ചിട്ടുണ്ടെന്ന് തെളിയുകയും പ്രസ്തുത ആൾ പദവിയിൽ തുടരുന്നത് മേൽനടപടിക്കോ പൊതു താൽപ്പര്യത്തിനോ ഹാനികരമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ മാത്രമേ ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും മാറ്റി നിറുത്താറുള്ളൂ. ഹാന്റ്ക്സ് എം.ഡി. ശ്രീ.മോഹൻകുമാറിന്റെ പേരിലുള്ള യാതൊരു ആരോപണങ്ങൾക്കും തെളിവ് ലഭിക്കുകയോ പ്രസ്തുത ആൾ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് ബോദ്ധ്യപ്പെടുകയോ ചെയ്തിട്ടില്ല. ഓണം അടുത്തിരിക്കുന്ന സമയമായതിനാൽ ഉത്സവകാല വില്പനയോട് അനുബന്ധിച്ചുള്ള നടപടിക്രമം പൂർത്തീകരിക്കുന്നതിന് പരിചയ സമ്പന്നനായ എം.ഡി. ഹാന്റ്ക്സിൽ തുടരേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാൽ ശ്രീ. മോഹൻകുമാറിന് മൂന്നു മാസത്തേയ്ക്കുകൂടി എം.ഡി. ആയി പുനർനിയമനം നൽകാൻ തീരുമാനിക്കുകയുണ്ടായി.

(9) കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ.എ. ചന്ദ്രൻ : സർ, കാലവർഷക്കെടുതികൊണ്ടും മുഞ്ഞബാധകൊണ്ടും കൃഷിനാശം സംഭവിച്ച കർഷകർക്ക് സർക്കാർ അനുവദിച്ച ആശ്വാസത്തുക യഥാസമയം ലഭിക്കാതിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കഴിഞ്ഞവർഷം ഒന്നാംവിള സമയത്ത് അതിവർഷവും അതിനോടനുബന്ധിച്ച് വ്യാപകമായി മുഞ്ഞബാധയും ഉണ്ടായി. ഇത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നപ്പോൾ, കോടിക്കണക്കിനു രൂപയുടെ നാശനഷ്ടമാണ് ഉണ്ടായതെങ്കിലും ഒരു കോടി അഞ്ചു ലക്ഷം രൂപ ഈ ഇനത്തിൽ കർഷകർക്ക് കൊടുക്കാൻ അനുവദിക്കുകയുണ്ടായി. ഇപ്പോൾ ഉണ്ടായ കാലവർഷക്കെടുതിയ്ക്ക് ഏതാണ്ട് ഒരു കോടി മുപ്പതു ലക്ഷത്തിന്റെ നാശനഷ്ടം ഉള്ളതായി കണക്കാക്കി കളക്ടർ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ശനിയാഴ്ച കൂടിയ യോഗത്തിലാണ് കളക്ടർ പ്രഖ്യാപിച്ചത്. ഇങ്ങനെ നാശനഷ്ടം സംഭവിക്കുമ്പോൾ ഗവൺമെന്റിൽനിന്നും ഒരു ചെറിയ ശതമാനം ആശ്വാസ സംഖ്യയാണ് നൽകുന്നത്. ഈ സംഖ്യ കൃഷിഭവനിൽക്കൂടി ലഭ്യമാ

LIBRARY ARCHIVES Kerala Legislative Assembly